(ബി) 2004 മാർച്ചിൽ എസ്.എസ്.എൽ.സി. പരീക്ഷ എഴുതാൻ അവസരം കിട്ടാത്ത വിദ്യാർത്ഥികൾ തൊട്ടടുത്ത വർഷം മുതൽ ഡി. പി. ഇ. പി./സർവ്വ ശിക്ഷാ അഭിയാൻ തുടങ്ങിയ ക്ലാസ്സുകളിൽ പഠനം പൂർത്തിയാക്കി വരുന്ന വിദ്യാർത്ഥികളോടൊപ്പം എസ്.എസ്.എൽ.സി. പരീക്ഷ എഴുതേണ്ടിവരുമെന്ന കാര്യം പരിഗണിച്ച് 2004 മാർച്ചിൽ പ്രൈവറ്റായി പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾക്ക് കൂടി മുൻവർഷങ്ങളിൽ നൽകിവന്ന വയസ്സിളവ് അനുവദിച്ച് നൽകുമോ ?

ഉത്തരം

(എ & ബി) പ്രൈവറ്റായി എസ്.എസ്.എൽ.സി. പരീക്ഷ എഴുതുന്നതിന് വിദ്യാർത്ഥികൾക്ക് മാർച്ച് 1-ന് 17 വയസ്സ് പൂർത്തിയായിരിക്കണം എന്ന് വ്യവസ്ഥ ചെയ്തിട്ടില്ല. മുൻകാലങ്ങളിൽ പരീക്ഷ എഴുതി തോറ്റ കുട്ടികൾക്ക് പ്രായപരിധി കൂടാതെ തന്നെ എസ്.എസ്.എൽ.സി. പരീക്ഷ എഴുതാവുന്നതാണ്. എന്നാൽ പല കാരണങ്ങളാൽ റഗുലർ വിദ്യാഭ്യാസം പൂർത്തിയാക്കാൻ കഴിയാത്തവർക്ക് എസ്. എസ്. എൽ. സി. പരീക്ഷ എഴുതുന്നതിനുള്ള അവസരം നല്കുന്നതിന് ഉദ്ദേശിച്ച് നടപ്പാക്കിയിട്ടുള്ള പ്രൈവറ്റ് ഓവർ ഏജ്ഡ് സ്കീം അനുസരിച്ച് പരീക്ഷ എഴുതുന്നവർക്ക് മാത്രമേ മാർച്ച് 1-ന് 17 വയസ്സ് പൂർത്തിയായിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളൂ. 8-10-2002-ലെ ജി.ഒ. (ആർ.റ്റി.) 3522/2002/പൊ.വി.വ. സർക്കാർ ഉത്തരവിൽ, ഈ വിഭാഗക്കാർക്ക് ഈ വർഷം മുതൽ വയസ്സിളവ് അനുവദിക്കുന്നതല്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

9-ാം ക്ലാസ്സിലെ സിലബസ് മാറ്റം

106 (4388) ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ് :
ശ്രീ. പി. കെ. കെ. ബാവ :
ശ്രീ. ഇസ്ഹാക്ക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ അദ്ധ്യയന വർഷത്തിൽ 9-ാം ക്ലാസ്സിലെ സിലബസ് മാറ്റാൻ മുൻകൂട്ടി തീരുമാനിച്ചിരുന്നുവോ ;

(ബി) സിലബസ് മാറിയ സാഹചര്യത്തിൽ പഴയ സിലബസ് അനുസരിച്ച് പഠിച്ചിരുന്നതും 9-ാം ക്ലാസ്സിൽ തോറ്റവരുമായ വിദ്യാർത്ഥികൾക്ക് 8-ാം ക്ലാസ്സിൽ നിന്നും 9-ാം ക്ലാസ്സിലേക്ക് പ്രൊമോഷൻ കിട്ടിയ വിദ്യാർത്ഥികളുമായി പഠിച്ച് അടുത്ത ക്ലാസ്സിലേയ്ക്ക് പ്രൊമോഷൻ കിട്ടാനുള്ള സാങ്കേതികവും മാനസികവുമായ ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇത്തരം ബുദ്ധിമുട്ട് കാരണം 9-ാം ക്ലാസ്സിൽ പഠനം തുടരാൻ കഴിയാത്ത കുട്ടികൾക്ക് ഇപ്രാവശ്യം 10-ാം ക്ലാസ്സിൽ പഴയ സിലബസ്സനുസരിച്ച് പഠിക്കുന്ന വിദ്യാർത്ഥികളോടൊപ്പം പ്രൈവറ്റായി എസ്.എസ്.എൽ.സി. പരീക്ഷ എഴുതാനുള്ള അനുമതി നൽകുന്നതിന് ഉത്തരവ് നൽകുമോ ?

ഉത്തരം

(എ) തീരുമാനിച്ചിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇല്ല.

(സി) 9-ാം ക്ലാസ്സിൽ പഠനം പൂർത്തിയാകാത്ത വിദ്യാർത്ഥികൾക്ക് 10-ാം ക്ലാസ്സിലെ പരീക്ഷയ്ക്ക് ഇരിക്കാനുള്ള അനുമതിയില്ല. എന്നാൽ കേരളാ സ്റ്റേറ്റ് ഓപ്പൺ സ്കൂളിലൂടെ ഓപ്പൺ എസ്.എസ്.എൽ.സി. ആരംഭിക്കാൻ സർക്കാർ നടപടിയെടുത്തിട്ടുണ്ട്. ഒൻപതാം ക്ലാസ്സിലോ താഴ്ന്ന ക്ലാസ്സിലോ പഠനം നിർത്തി വച്ച വിദ്യാർത്ഥികൾക്ക് ഈ കോഴ്സിൽ ചേരാവുന്നതാണ്.

സ്വകാര്യ സ്ക്കൂളുകളിലെ അഡ്മിഷനുള്ള അപേക്ഷാ ഫാറത്തിന്റെ വില

107(4389) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വകാര്യ സ്കൂളുകളിൽ മാനേജ്മെന്റ് സീറ്റിലേക്കുള്ള അപേക്ഷാ ഫാറത്തിന് 50 രൂപ മുതൽ 250 രൂപ വരെ വില ഈടാക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ :

(ബി) എങ്കിൽ ഇത് നിയന്ത്രിക്കാൻ നടപടി കൈക്കൊള്ളുമോ ?

ഉത്തരം

(എ) ഹയർ സെക്കണ്ടറി മേഖലയിൽ അപേക്ഷാ ഫാറത്തിന് കൂടിയ വില ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നടപടി സ്വീകരിക്കുന്നതാണ്.

മുസ്ലീം വിദ്യാർത്ഥിനികൾക്കുള്ള വിദ്യാഭ്യാസ സാമ്പത്തിക സഹായം

108 (4390) ശ്രീ. യു. സി. രാമൻ :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. സി. മോയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുസ്ലീം വിദ്യാർത്ഥിനികൾക്കുള്ള വിദ്യാഭ്യാസ സാമ്പത്തിക സഹായം ഈ ഗവൺമെന്റ് നൽകുന്നുണ്ടോ :

(ബി) എങ്കിൽ എത്ര തുക വീതം എന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ആനുകൂല്യം യഥാവിധി വിതരണം ചെയ്യാറുണ്ടോ ; എങ്കിൽ ഏത് കാലംവരെയുള്ള തുക വിതരണം ചെയ്ത് കഴിഞ്ഞെന്നും ഇതിനുള്ള ഫണ്ട് ചെലവഴിക്കുന്നത് ഏത് ഏജൻസിയാണ് എന്നും വിശദമാക്കുമോ :

(ഡി) ഈ ആനുകൂല്യം ഏതെല്ലാം ക്ലാസ്സിൽ പഠിക്കുന്ന വിദ്യാർത്ഥിനികൾക്ക് ലഭിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഇ) ഉയർന്ന ക്ലാസ്സുകളിലേക്കും കൂടി പ്രസ്തുത ആനുകൂല്യം നൽകാൻ ഗവൺമെന്റിന് ഉദ്ദേശ്യമുണ്ടോയെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly